

ടി.കെ.സി.വടുതല ജന്മശതാബ്ദിയോടനുബന്ധിച്ച് കേന്ദ്ര സാഹിത്യ അക്കാദമിയും ചിറ്റൂർ ഗവ. കോളജും ചേർന്നു സംഘടിപ്പിച്ച ഏകദിന സെമിനാർ എഴുത്തുകാരൻ മുണ്ടൂർ സേതുമാധവൻ ഉദ്ഘാടനം ചെയ്യുന്നു.

# ടി.കെ.സി.വടുതല ജന്മശതാബ്ദി: ചിറ്റൂർ കോളജിൽ സെമിനാർ നടത്തി

**ചിറ്റൂർ●** മലയാള ചെറുകഥയുടെ നവോത്ഥാന കാലത്തെ ഏറ്റവും പ്രതിഭാധനൻമാരായ തകഴി, കേശവദേവ്, പൊൻകുന്നം വർക്കി എന്നിവർക്കൊപ്പം തലയുയർത്തി നിൽക്കുന്ന കഥാകാരനാണ് ടി.കെ.സി.വടുതലയെന്ന് എഴുത്തുകാരൻ മുണ്ടൂർ സേതുമാധവൻ. ടി.കെ.സി.വടുതല ജൻമശതാബ്ദിയോടനുബന്ധിച്ച് ചിറ്റൂർ ഗവ. കോളജിൽ കേന്ദ്ര സാഹിത്യ അക്കാദമിയും കോളജ് മലയാള വിഭാഗവും ചേർന്നു സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ടി.കെ.സി കഥകളുടെ മുഖമുദ്രയെന്നത് മാനവികതയാണെന്നു ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ ചെറുകഥാകൃത്ത് എം. രാജീവ്കുമാർ പറഞ്ഞു. പ്രിൻസിപ്പൽ വി.കെ.അനുരാധ അധ്യക്ഷയായി. ടി.ശ്രീവത്സൻ, ചന്ദ്രഹാസൻ വടുതല, ശരത്ബാബു തച്ചമ്പാറ, എൻ.വി.ഹരികുമാർ, വി.ആർ.അഞ്ജന, കെ.മഞ്ജു, സി.എസ്.സജീഷ്, കെ.ശ്രീപ്രിയ, കെ.ആർ.സരിത, യു.കൃഷ്ണാഞ്ജലി എന്നിവർ പ്രസംഗിച്ചു. തുടർന്നു നടന്ന സെമിനാറിൽ 'വിമോചനാശയങ്ങളും ടി.കെ.സി വടുതലയുടെ സാഹിത്യവും' എന്ന വിഷയത്തിൽ ഡോ. സി.ഗണേഷ്, 'വടുതലയുടെ ജീവിത നിരീക്ഷണം കഥകളിൽ' എന്ന വിഷയത്തിൽ സുധീർ പരമേശ്വരൻ എന്നിവർ പ്രബന്ധം അവതരിപ്പിച്ചു.

'മലയാള ചെറുകഥയിലെ തദ്ദേശ ജനശബ്ദം വടുതല കഥകളിൽ' എന്ന വിഷയം എം.ബി.മനോജ്, 'സമൂഹബന്ധവും വടുതലയുടെ രചനകളും' എന്ന വിഷയം പ്രസാദ് കാക്കശേരി എന്നിവർ അവതരിപ്പിച്ചു.